# മൂവി പാനൽ റിവ്യൂ

About

By Jithin Sreedhar

ഒരു വസന്തത്തിന്റെ പ്രതീതിയിൽ ആണ് ചിത്രം തുടങ്ങുന്നത്. ടെഹ്റാനിൽ നിന്നും സഫീദയും അവളുടെ ഭർത്താവ് അമീറും, അവരുടെ കുറച്ചു കുടുംബ സുഹൃത്തുക്കളും ചേർന്ന് മൂന്ന് ദിവസത്തേക്ക് ഒരു ഉല്ലാസ യാത്ര പുറപ്പെടുന്നു. ആർത്തു ഉല്ലസിച്ചു, കൂകി വിളിച്ചു, സകല നിയന്ത്രണങ്ങളും, കെട്ടു പാടുകളും മാറ്റി വെച്ചു, കുട്ടികളോട് ഒത്തുള്ള അവരുടെ രണ്ടു കാറുകളിലായുള്ള, ആ യാത്ര കാണുവാൻ തന്നെ ഒരു ചന്തമാണ്.

ആ യാത്രയിൽ സഫീദയുടെ നിർബന്ധം കൊണ്ട് മാത്രം പുതുതായി ഒരു ആളെ കൂടെ കൂട്ടിയിട്ട് ഉണ്ട്. എല്ലി. സുന്ദരിയും, അവിവാഹിതയും, തന്റെ കുട്ടികളുടെ കിന്റർ ഗാർഡൻ ടീച്ചറും ആയ എല്ലിയെ കൂടെ കൂട്ടിയതിൽ അവൾക്ക് ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. നിലവിൽ ആ കൂട്ടുകെട്ടിൽ ഒറ്റത്തടി ആയി നിൽക്കുന്ന അഹമ്മദിനെ കൊണ്ട് അവളെ കല്യാണം കഴിപ്പിക്കുക. യാത്രയ്ക്കിടയിൽ അവൾ, എല്ലി ഒഴികെ മറ്റ് എല്ലാവരോടും ആയി ഇത് സൂചിപ്പിക്കുന്നും ഉണ്ട്.
അങ്ങനെ അവർ നേരത്തെ പറഞ്ഞു ഉറപ്പിച്ച പ്രകാരം ഒരു താമസ സ്ഥലത്ത് എത്തിച്ചേരുന്നു. പക്ഷെ, അവിടെ എത്തുമ്പോൾ ആണ് അറിയുന്നത്, ഒരു ദിവസത്തേക്ക് മാത്രമേ മുറി ഒഴിവുള്ളു എന്ന്! റൂം ചോദിച്ചു വിളിച്ചപ്പോൾ ഫോണിലൂടെ തന്നെ അങ്ങനെ ഒരു സാധ്യത മുൻകൂട്ടി പറഞ്ഞിരുന്നത് ആണെന്നും അവിടെ നിൽകുന്ന സ്ത്രീ പറയുന്നു. എല്ലാവരും സഫീദയെ നോക്കുന്നു. കാരണം, അവൾ ആണല്ലോ ഈ ട്രിപ്പ് പ്ലാൻ ചെയ്തതും, അതിനുള്ള എല്ലാ ഫോൺ കോളുകൾ നടത്തിയതും. അവൾ, തന്റെ ഭാഗത്ത് നിന്നും ഉണ്ടായ പാക പിഴ സമ്മതിക്കുകയും, ഒരു പക്ഷെ, ഇങ്ങനെ ഒരു സാധ്യത മുൻകൂട്ടി പറഞ്ഞിരുന്നെങ്കിൽ ആ യാത്ര തന്നെ ഉണ്ടാകില്ല എന്നു ഭയന്ന് ആണ്, അക്കാര്യം മറച്ചു വെച്ചത് എന്നും അറിയിക്കുന്നു. വിനോദ സഞ്ചാരത്തിന്റെ സീസൺ ആണ്. ഇനി മറ്റൊരു താമസ സ്ഥലം കണ്ടെത്തുക എന്നത്, അത് വരെ ഉണ്ടായിരുന്ന എല്ലാ ആഹ്ലാദവും കളഞ്ഞു കുളിക്കും എന്ന് മനസ്സിലാക്കിയ അവൾ, അധികൃതരുമായി സംസാരിച്ചു ഞൊടിയിടയിൽ തന്നെ അതിന് പരിഹാരവും കണ്ടെത്തുന്നു.

അവൾ കണ്ടെത്തുന്നത് ആ ഹോട്ടലിന്റെ തന്നെ ഉടമസ്ഥതയിലുള്ള ഒരു കടലോര വസതി ആണ്. കടലിൽ നിന്നുള്ള ശക്തിയായ കാറ്റിനാൽ ഇടിഞ്ഞു പൊളിഞ്ഞ ജനാലകളും, അടച്ചുറപ്പ് ഇല്ലാത്ത, ആകെ പൊടി പിടിച്ച മുറികളുമുള്ള ആ വീട്ടിൽ, നേരം ഇരുട്ടിയാൽ കടലിൽ നിന്നും നല്ല തണുത്ത കാറ്റ് വീശുവാൻ ഇടയുണ്ട് എന്നും, ഒരു രാത്രിയിൽ കൂടുതൽ അവിടെ തങ്ങാൻ പ്രയാസം ആകും എന്നും ഉടമസ്ഥർ മുൻ കൂട്ടി ജാമ്യം എടുക്കുന്നുണ്ട്. എന്നാൽ, ആ സുഹൃത്ത് വലയം അതിന് പരിഹാരം കണ്ടെത്തുന്നത് " ഞങ്ങൾ നൃത്തം ചെയ്ത് തണുപ്പ് അകറ്റും" എന്നു പറഞ്ഞു കൊണ്ടാണ്! കൂട്ടുകാരും ഒത്തുള്ള യാത്ര എന്നു പറഞ്ഞാൽ അത് ഇങ്ങനെ ആകാണം എന്ന് നമുക്ക് തോന്നുന്ന നിമിഷങ്ങൾ. അവർ ഒരു നിമിഷം പോലും സഫീദയെ കുറ്റപ്പെടുത്തുന്നില്ല. പകരം, ഏവരും ചേർന്ന് മുറികൾ വൃത്തി ആക്കുകയും, ജനൽ പാളികൾ കാറ്റ്

കയറാതെ അടക്കുവാൻ ശ്രമിക്കുകയും ഒക്കെ ആണ് ചെയ്യുന്നത്! കുറച്ചു നേരത്തെ ശ്രമം കൊണ്ട് തന്നെ അവർ അത് ഒരു വിധം ശരിയാക്കി എടുക്കുന്നു. പിന്നീട് അങ്ങോട്ട് അവരുടെ നിമിഷങ്ങൾ ആണ്. കണ്ണെടുക്കാതെ കണ്ടിരിക്കാവുന്ന ഒരു ദംഷരാസ് കളി ( സിനിമ പേര് അഭിനയിച്ചു, മറ്റുള്ളവരെ കൊണ്ട് കണ്ടു പിടിപ്പിക്കുന്ന കളി) കണ്ട നിമിഷം ഞാൻ ആലോചിച്ചു പോയി, ഇറാനിൽ ഉണ്ടല്ലോ നമ്മളെ പോലുള്ള മനുഷ്യർ എന്നു! അവരിൽ ഒരാൾ പോലും ആ രംഗങ്ങളിൽ അഭിനയിക്കുക ആയിരുന്നില്ല, ആ കഥാപാത്രങ്ങൾ ആയി ജീവിക്കുകയായിരുന്നു!

രണ്ട് മൂന്ന് ദിവസത്തേക്ക് പാചകം ചെയ്യാൻ ആവശ്യമായ സാധങ്ങൾ മേടിക്കേണ്ടത് ഉണ്ട്. കൂടെ, എല്ലിയ്ക്ക് വീട്ടിലേക്ക് ഒന്ന് വിളിച്ചു പറയുകയും വേണം. അമ്മ അവളുടെ വിവരം അറിയാതെ പേടിച്ചു ഇരിക്കുക ആയിരിക്കും എന്നു അവൾ പറയുന്നുണ്ട്. കടൽ തീരത്ത് ആണെങ്കിൽ ഫോണിൽ കൃത്യമായി സിഗ്നൽ ലഭിക്കുന്നുമുണ്ടായിരുന്നില്ല. കാത്തിരുന്ന ഒരു അവസരം കിട്ടിയിട്ട് എന്ന പോലെ സഫീദ, അഹമ്മദിനെ കൂട്ടി എല്ലിയെ ടൗണിലേക്ക് വിടുന്നു. ആ യാത്രയിൽ അഹമ്മദിന് അവളെ ഇഷ്ടപ്പെടാതെ ഇരിക്കാൻ തരമില്ല എന്ന് സഫീദയ്ക്ക് ഉറപ്പായിരുന്നു. വൈകിട്ട് എല്ലാവരും ചേർന്ന് കഴിക്കാൻ ഇരിക്കുമ്പോൾ സൂത്രത്തിൽ എല്ലിയെ അടുക്കളയിൽ എന്തോ എടുക്കാൻ പറഞ്ഞു വിട്ട്, എല്ലാവരും കൂടി അഹമ്മദിന്റെ നിലപാട് തിരക്കുന്നു. അവന് നൂറ് വട്ടം സമ്മതമാണ്. അപ്പോഴേക്കും തിരിച്ചു വരുന്ന എല്ലിയെ കണ്ട് എല്ലാവരും പഴയ പോലെ പെരുമാറാൻ ശ്രമിക്കുന്നുണ്ട് എങ്കിലും, അവൾക്ക് മനസ്സിലാകാതെ ഇരിക്കത്തക്ക അഭിനയം ഒന്നും ആ നിഷ്കളങ്കമായ സദസ്സിന് പുറത്തെടുക്കാൻ ആയില്ല. എങ്കിലും, സന്തോഷകരമായി തന്നെ ആ രാത്രിയും കടന്ന് പോകുന്നു.

പിറ്റേന്ന്, എല്ലി പറയുന്നു, അവൾക്ക് അമ്മയെ കാണേണ്ടത് ഉണ്ട്, പോകണം. ഇല്ലെങ്കിൽ അവർ പേടിക്കും. ഇത് പറയുന്നതിന്റെ കൂടെ അവർ തന്റെ സാധനങ്ങൾ ബാഗിൽ ആക്കുക കൂടി ചെയ്യുന്നുണ്ട്. സഫീദ പക്ഷെ, ഉറപ്പിച്ച മട്ടാണ്. "ഇവിടെ ഒരു സന്തോഷ കുറവും ഇല്ലല്ലോ, നിന്നെ തിരികെ ഒറ്റക്ക് വിട്ടാൽ ആണ് അമ്മ പേടിക്കുന്നത്. " എന്ന് പറഞ്ഞു അവൾ ആ ആവശ്യം പാടെ നിരസിക്കുന്നു. തുടർന്നു ആണുങ്ങൾ വോളി ബോൾ കളിച്ചു സമയം കളയുന്ന; സഫീദയും, കൂട്ടത്തിലെ മറ്റൊരു സ്ത്രീയും എന്തൊക്കെയോ മേടിക്കാൻ കടയിൽ പോയിരിക്കുന്ന ഒരു ഉച്ച സമയം. എല്ലി ഒരു അല്പം നിരാശയിൽ ആണെങ്കിലും, കുട്ടികളോട് ഒത്തു കടൽക്കരയിൽ പട്ടം പറത്തുന്നു. പതിയെ, പതിയെ അവളുടെ മുഖത്ത് വിടരുന്ന ചിരി എന്ത് ഭംഗി ആണെന്നോ കാണാൻ?! നിരാശയിൽ നിന്നും ആഹ്ളാദത്തിലേക്ക് ആ കടൽ തീർത്തു കൂടി, ഒരു പട്ടവും പിടിച്ചു അവൾ ഓടുന്ന രംഗം അതി മനോഹരമാണ്.

അങ്ങനെ സന്തോഷത്തിന്റെ, മനോഹാരിതയുടെ അത്യുന്നതിയിൽ നിന്നും അടുത്ത നിമിഷം എല്ലിയെയും ഒരു കുട്ടിയെയും കാണാതെ ആകുന്നു. കടലിൽ കൊടുമ്പിരി കൊണ്ട് തിര അടിക്കുകയാണ്. കുട്ടിയെ അധികം ദൂരത്ത് അല്ലാതെ ജീവനോടെ തന്നെ തിരികെ കിട്ടുന്നു. എല്ലാവരും, എല്ലായിടത്തും അവളെ തിരയുന്നു. കടലിൽ ബോട്ട് ഇറങ്ങുന്നു. മറ്റ് കുട്ടികൾ, കടലിൽ ഇറങ്ങി പോയ കുട്ടിയെ കുറിച്ചു പറയാൻ രക്ഷിതാക്കളുടെ അടുത്തേക്ക് കരഞ്ഞു കൊണ്ട് ഓടിയ സമയത്ത്, എല്ലിക്ക് എന്തു സംഭവിച്ചിട്ട് ഉണ്ടാകാം? അവൾ അവനെ രക്ഷിക്കാൻ ശ്രെമിച്ചത് ആണോ? പക്ഷേ, അന്വേഷണത്തിൽ അവൾ രാവിലെ എടുത്തു വെച്ച ബാഗ് കാണുന്നില്ല എന്നത് എല്ലാവരെയും ഒരേ പോലെ ആശയ

കുഴപ്പത്തിൽ ആക്കുന്നു.

അവിടെ നിന്നും അവർ, എല്ലിയെ കുറിച്ചു അറിയാൻ ശ്രമിക്കുന്നത് ആണ്, About Elly, എന്ന മനോഹരമായ ചിത്രത്തിലൂടെ, ഇറാനിയൻ സംവിധായകൻ ആയ, അർഹാദ് ഫാർഹദി, നമ്മളോട് പറഞ്ഞു വെച്ചിരിക്കുന്നത്. പശ്ചാത്തലത്തിൽ സംഗീതം ഉപയോഗിച്ച് നമ്മളെ ആകാംക്ഷ കൊള്ളിക്കുന്ന ഒരു പാട് ചിത്രങ്ങൾ നമ്മൾ കണ്ടിട്ട് ഉണ്ടാകും. എന്നാൽ,തുടക്കം മുതൽ ഒടുക്കം വരെ, ഓരോ രംഗത്തിനും അനുസരിച്ചുള്ള സ്വാഭാവികമായ ശബ്ദങ്ങൾ മാത്രം ഉപയോഗിച്ചിട്ടുള്ള ഈ ചിത്രം, ഒരു നിമിഷം പോലും കണ്ണെടുക്കാതെ നമ്മൾ കണ്ടിരുന്നു പോകും എന്ന് തീർച്ച! അത് കൊണ്ട് തന്നെ ഇതിനെ, പ്രേക്ഷകനെ ആകാംഷയുടെ മുൾ മുനയിൽ നിർത്താൻ കാതടപ്പിക്കുന്ന ശബ്ദ കോലാഹലങ്ങൾ വേണ്ട, പകരം ജീവിതത്തിലെ നനുത്ത നിശബ്ദത മതിയെന്ന് മനസ്സിലാക്കി തരുന്ന ചിത്രം എന്നു പറയാം.

2009 ൽ പേർഷ്യൻ ഭാഷയിൽ ഇറങ്ങിയ ചിത്രം, ബോകസ് ഓഫിസ് വിജയത്തിന് ഒപ്പം, ആ വർഷം തന്നെ ഒട്ടനവധി അവാർഡുകളും കരസ്ഥമാക്കിയിരുന്നു. ഏഷ്യ പസഫിക് ഫിലിം ഫെസ്റ്റിവലിൽ മികച്ച തിരക്കഥ, ബെർലിൻ ഫിലിം ഫെസ്റ്റിവൽ സിൽവർ അവാർഡ്, തുടങ്ങിയ അവാർഡുകൾ വാരി കൂടിയ ചിത്രം , ആ വർഷത്തെ മലയാളികളുടെ പ്രിയപ്പെട്ട ,iffk യിലെ സുവർണ്ണ ചകോരവും കരസ്ഥമാക്കിയിരുന്നു!

Nb:- ( ബോക്സ് ഓഫീസ് വിജയം എന്നു പറഞ്ഞത് ചിത്രത്തെ കുറിച്ചുള്ള വിക്കി പീഡിയ വിവരങ്ങൾ പ്രകാരം ആണ്. പതിമ്മൂന്ന് ലക്ഷം us ഡോളർ ചിലവിൽ ഇറങ്ങിയ ചിത്രം, എഴുപത് ലക്ഷം us ഡോളർ സമാഹരിച്ചു എന്നാണ് അവിടെ കൊടുത്തിരിക്കുന്നത്. ഒരു പക്ഷേ, അത് അവാർഡ് തുകകൾ കൂടി ചേർത്ത് ഉള്ള കണക്ക് ആകാൻ ഇടയുണ്ട് )